## പതിമൂന്നാം കേരള നിയമസഭ

## പതിനൊന്നാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 8175 17.07.2014 ൽ മറുപടിയ്ക്ക്**

**<u>പറമ്പിക്കുളം-ആളിയാർ നദീജല കരാറുപ്രകാരം കേരളത്തിനു ലഭിക്കേണ്ട ജലം</u>**

| ചോദ്യം | | ഉത്തരം |
|---|---|---|
| **ശ്രീ. ബി. ഡി. ദേവസ്സി** | | **ശ്രീ. പി.ജെ.ജോസഫ് (ജലവിഭവ വകുപ്പുമന്ത്രി)** |
| (എ) പറമ്പിക്കുളം-ആളിയാർ നദീജല കരാറുപ്രകാരം കേരളത്തിനു ലഭിക്കേണ്ട ജലം തമിഴ്നാട്ടിൽ നിന്ന് ലഭിക്കുന്നുവെന്ന് ഉറപ്പുവരുത്താൻ നടപടി സ്വീകരിച്ചിട്ടുണ്ടോ; | (എ) | പി.എ.പി. കരാർ പ്രകാരം കേരളത്തിന് അർഹതപ്പെട്ട ജലവിഹിതം ലഭ്യമാക്കുന്നതിന് വകുപ്പ് തലത്തിലും സർക്കാർ തലത്തിലും സമയോചിതമായി നടപടികൾ സ്വീകരിക്കുന്നുണ്ട്. |
| (ബി) കരാർ പുതുക്കുന്നതിനും കേരളത്തിന് കൂടുതൽ വെള്ളം ലഭ്യമാക്കുന്നതിന് ആവശ്യപ്പെടുന്നതിനും ആലോചിച്ചിട്ടുണ്ടോ; ഇതിനാവശ്യമായ നടപടികൾ സ്വീകരിക്കുമോ? | (ബി) | കരാർ പുതുക്കുവാൻ പി.എ.പി. കരാറിൽ പ്രത്യേകം വ്യവസ്ഥയില്ല. എന്നാൽ ഓരോ മുപ്പത് വർഷം കൂടുമ്പോൾ കരാറിലെ വ്യവസ്ഥകൾ പുനരവലോകനം ചെയ്യാവുന്നതാണ്. കരാർ പുനരവലോകനം ചെയ്യുന്നതിന്റെ ഭാഗമായി നടന്നിട്ടുള്ള ചർച്ചകളിൽ കൂടുതൽ ജലം ലഭ്യമാക്കുന്നതിന് ശക്തമായ നിലപാടുകൾ കേരളം സ്വീകരിച്ചിരുന്നു. തുടർന്നും ഇതേ സമീപനം കൈക്കൊണ്ടുതന്നെ പരമാവധി ജലം ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുകയെന്നുള്ളതാണ് സർക്കാരിന്റെ നിലപാട്. |

**സെക്ഷൻ ഓഫീസർ**